LIBRARY ARCHIVES Kerala Legislative Assembly

ഗുണമേന്മയുള്ള നൈപുണ്യ വിദ്യാഭ്യാസ പരിശീലനം

219(4229) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയിൽ ഗുണമേന്മയുള്ള നൈപുണ്യ വിദ്യാഭ്യാസ പരിശീലനം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയിൽ ഗുണമേന്മയുള്ള നൈപുണ്യ വിദ്യാഭ്യാസ പരിശീലനം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

1. ദേശീയ നൈപുണ്യ യോഗ്യത ചട്ടക്കൂട് (NSQF) അനുസരിച്ചുള്ള അന്തർദ്ദേശീയ ഗുണമേന്മ ഉറപ്പുതരുന്ന പുതിയ 48 വിഷയങ്ങൾ ഉൾപ്പെടുന്ന വൊക്കേഷണൽ പാഠ്യപദ്ധതി.
2. അതത് തൊഴിൽ മേഖലകളിലെ വിദഗ്ധരും തൊഴിലാളികളുമായി വിദ്യാർത്ഥികൾക്ക് സംവദിക്കാനുള്ള അവസരം.
3. കോവിഡ്-19 ലോക്ക്ഡൗൺ സാഹചര്യത്തിൽ വെർച്വൽ ഫീൽഡ് വിസിറ്റുകൾ.
4. എല്ലാ വിദ്യാർത്ഥികൾക്കും നിർബന്ധിത ഓൺ ദ ജോബ് ട്രെയിനിംഗ്.
5. എല്ലാ സ്കൂളുകളിലും പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്ററുകൾ (PTC).
6. ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുവേണ്ടി അതത് സ്കിൽ സെക്ടർ കൗൺസിലുകൾ നിയോഗിക്കുന്ന ബാഹ്യ ഏജൻസികൾ വിദ്യാർത്ഥികളുടെ സ്കിൽ അസെസ്സ്മെന്റുകൾ നടത്തിയ ശേഷമാണ് സ്കിൽ സർട്ടിഫിക്കറ്റുകൾ നൽകുന്നത്.

സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതിയ തസ്തിക

220(4230) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15, 2015-16 വർഷങ്ങളിൽ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതിയതായി അനുവദിച്ച ഹയർ സെക്കണ്ടറി ബാച്ചുകളിൽ ഒരു ബാച്ചിൽ അൻപത് കുട്ടികളിൽ കുറവായതിനാൽ പുതിയ സ്ഥിരം തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്ത എത്ര സ്കൂളുകൾ ഉണ്ടെന്ന് ബാച്ച് തിരിച്ച് നൽകുമോ?

2014-15 : 11 എണ്ണം

2015-16 : 15 എണ്ണം.